പ്രക്ഷോഭങ്ങളിൽ നിർഭയനായ നേതാവായിരുന്നു അദ്ദേഹം. പോലീസിന്റെ ക്രൂരമായ മർദ്ദനമേറ്റ് അംഗവൈകല്യം സംഭവിച്ചപ്പോഴും അദ്ദേഹത്തിന്റെ ആവേശത്തിന് കുറവുണ്ടായില്ല. ആശയ സംഘർഷങ്ങൾക്കു നടുവിൽ എതിരാളികളോട് വിദ്വേഷമില്ലാതെ പെരുമാറാനുള്ള വിശാല മനസ്കതയും ആ ഗാന്ധിയനുണ്ടായിരുന്നു.

സ്വാതന്ത്ര്യ സമരകാലത്തെ സംശുദ്ധ രാഷ്ട്രീയത്തിന്റെ ഇത്തിരിവെട്ടം മനസ്സിൽ സൂക്ഷിച്ചിരുന്ന നേതാക്കളിൽ ഓരാളെക്കൂടി ബാലന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായി.

അന്തരിച്ച മഹദ്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) ഇ. എസ്. ഐ. ഡിസ്പെൻസറികളിലേയും ആശുപത്രികളിലേയും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച്

ശ്രീ. എ. എ. അസീസ് : സർ, കേരളത്തിലെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ചികിത്സിക്കുന്നതിനുവേണ്ടി എത്തുന്ന സ്ഥലമാണ് ഇ. എസ്. ഐ.-യുടെ കീഴിലുള്ള ഡിസ്പെൻസറികളും ആശുപത്രികളും. ഇ. എസ്. ഐ. പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് 36 ഡിസ്പെൻസറികളും 12 ആശുപത്രികളും ഒരു മോഡൽ ആശുപത്രിയുമാണ് നിലവിലുള്ളത്. ഇവിടങ്ങളിലേയ്ക്ക് ആവശ്യമായ ഡോക്ടർമാർ നിലവിലില്ല. ഉണ്ടായിരുന്നവരിൽ പലരും ലീവിലാണ്. പെട്ടെന്നുണ്ടാകുന്ന അപകടംമൂലവും മറ്റും മറ്റുള്ള ആശുപത്രികളിൽ പോകേണ്ടിവരുമ്പോൾ അവിടെ ചെലവാകുന്ന തുകയുടെ ബില്ലുകളും മറ്റും പാസ്സാക്കി കൊടുക്കേണ്ടത് ഡിസ്പെൻസറികളിലെ ഐ .എം. എം.-മാരാണ്. പരിചയ സമ്പന്നരായ സീനിയർ ഡോക്ടർമാർ ഇല്ല എന്ന കാരണത്താൽ യഥാസമയം ബില്ലുകൾ പാസ്സാക്കി കൊടുക്കുന്നില്ല. ഡിസ്പെൻസറികളിലേയും ആശുപത്രികളിലേയും ഡോക്ടർമാരുടെ കുറവ് നികത്താനാവശ്യമായ നടപടികൾ ഉണ്ടാകണം. അതുപോലെ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ സമയബന്ധിതമായി പാസ്സാക്കി കൊടുക്കുന്നതിനുള്ള നടപടിയും ഉണ്ടാകണം. ഇ. എസ്.ഐ. ആശുപത്രികളിൽ മുമ്പുണ്ടായിരുന്ന വികസന സമിതിയുടെ പ്രവർത്തനം ഇപ്പോൾ നിശ്ചലമാണ്. വികസന സമിതികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് ഇ. എസ്. ഐ. ഹോസ്പിറ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇ. എസ്. ഐ. ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവം, കുറച്ചു ഡോക്ടർമാരുടെ കുറവുണ്ട്. അതിന്റെ ബുദ്ധിമുട്ടുകൾ ഇ.എസ്.ഐ. ആശുപത്രികൾ അനുഭവിക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് 2002-ൽ അവസാനിച്ച പി. എസ്. സി. ലിസ്റ്റിൽ നിന്നാണ് നിയമന ഉത്തരവുകൾ നൽകിയത്. നിരവധി ഉത്തരവുകൾ നൽകിയിട്ടും പല ഡോക്ടർമാരും വന്ന് ജോയിൻ ചെയ്യാൻ വിമുഖത കാട്ടിയതുകൊണ്ട് നമുക്ക് ഈ ലിസ്റ്റിൽ നിന്ന് പരമാവധി നിയമനത്തിന് കഴിഞ്ഞില്ല. അതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഈ ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. ഏകദേശം നൂറോളം ഒഴിവുകൾ ഉണ്ടായിരുന്നതിൽ 35-ഓളം ഒഴിവുകൾ ഇതിനകം നികത്തിക്കഴിഞ്ഞു. തിരുവനന്തപുരത്തും എറണാകുളത്തുമൊക്കെ റീജിയണൽ ഡയറക്ടർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് ആവശ്യമായ ലിസ്റ്റുകൾ വരുത്തി നിയമനത്തിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. റീ-ഇംമ്പേഴ്സ്മെന്റ് പോലെയുള്ള കാര്യങ്ങളിൽ ഡിസ്പെൻസറികളിൽ കാലതാമസം ഉണ്ടാകാതിരിക്കാനുള്ള പ്രത്യേകമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം തന്നെ കൊട്ടിയം ഡിസ്പെൻസറിയിലെ കാലതാമസത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചിരുന്നു. അത് അപ്പോൾ തന്നെ പരിഹരിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. അതുപോലെ വികസന സമിതികൾ പുനസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഏതാനും ദിവസങ്ങൾക്കകം പുറപ്പെടുവിക്കുന്നതാണ്. വികസന സമിതികൾ റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുള്ള പുതിയ സംവിധാനത്തിന് ഞങ്ങൾ രൂപം കൊടുത്തു. അത് ഇപ്പോഴുള്ളത് ഏതെങ്കിലും ട്രേഡ് യൂണിയൻ നേതാക്കളുടെ മാത്രം പ്രതിനിധികൾ അടങ്ങുന്നതാണ്. ആ പ്രദേശത്തെ ഏതെങ്കിലും പ്രധാനപ്പെട്ട തൊഴിലുടമയുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി പുതിയ ഒരു വികസന സമിതിക്ക് രൂപം കൊടുത്ത് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.ഇ.എസ്.ഐ.-യിലെ എല്ലാ ആശുപത്രികളിലും അവിടുത്തെ സേവന വേതന സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എ. അസീസ് : ഇപ്പോൾ പല ഡിസ്പെൻസറികളിലും ജൂനിയർ ഡോക്ടർമാരാണ് ഐ.എം.എം.-മാരുടെ ചാർജ്ജ് വഹിക്കുന്നത്. ജൂനിയർ ആയതുകൊണ്ട് റീ ഇംമ്പേഴ്സ്മെന്റ് ബില്ലുകൾ പാസ്സാക്കിക്കൊടുക്കാൻ പരിചയക്കുറവുമൂലം അവർ വിമുഖത കാണിക്കുന്നുണ്ട്. അതുകൊണ്ട് സീനിയറായ ആളുകൾക്ക് ഐ.എം.എം.-മാരുടെ ചാർജ്ജ് കൊടുക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ ?

ശ്രീ. ബാബു ദിവാകരൻ: ഇ. എസ്. ഐ.-യുടെ പ്രവർത്തനം സംബന്ധിച്ച്, സാധാരണ എം.ബി.ബി.എസ്. പാസ്സായി വന്നാൽ നേരിട്ട് ഡിസ്പെൻസറികളിൽ പ്രവർത്തിക്കാനുള്ള പ്രയാസമുണ്ട്. ഇ.എസ്.ഐ. നിയമത്തെക്കുറിച്ചും അതിന്റെ ലീവും മറ്റ് കാര്യങ്ങളും അതുപോലെ റീ ഇംമ്പേഴ്സുമെന്റും ഒക്കെ നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ interpret ചെയ്യുന്നതിന് സ്വല്പം ട്രെയിനിംഗ്

ആവശ്യമുണ്ട്. അതിന് ആദ്യത്തെ രണ്ടു മൂന്ന് മാസക്കാലം അവർക്ക് ഒന്ന് പരിചയിച്ചു വരുന്നതിന് പ്രയാസമുണ്ട്. ഡിസ്പെൻസറികളിൽ വന്നിരിക്കുന്ന സീനിയർ ഡോക്ടർമാരെ ആശുപത്രിയിലെ സേവനത്തിന് കിട്ടാതെ വരുന്ന അവസ്ഥയുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെല്ലാം ആശുപത്രികളിൽ സേവനം അനുഷ്ഠിക്കണമെന്ന ഒരു നിബന്ധന കൊണ്ടുവന്നിട്ടുണ്ട്. ആ പോരായ്മ നികത്തുന്നതിന് അവർക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുത്ത് എത്രയും പെട്ടെന്ന് റീ ഇംമ്പേഴ്സ്മെന്റും മറ്റു കാര്യങ്ങളും ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

(2) കണ്ണൂർ ജില്ലയിലെ വൈദ്യുതി വിതരണ രംഗത്ത് ഉളവായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. കെ. സി. ജോസഫ് : സർ, കണ്ണൂർ ജില്ലയിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള താമസമാണ് എന്റെ പ്രമേയം. 1995-1996-ൽ മിനിമം ഗ്യാരന്റി വച്ച പ്രവൃത്തികൾപോലും ഇപ്പോൾ പൂർത്തിയാകുന്നില്ല. കാരണം ഇതിനാവശ്യമായ മെറ്റീരിയൽസ് യഥാസമയത്ത് ബോർഡ് കൊടുക്കുന്നില്ല. ആവശ്യമായ സ്റ്റാഫിനെ അവിടേയക്ക് ഡിപ്ളോയ് ചെയ്യുന്നില്ല. കണ്ണൂർ ജില്ലയിലെ വൈദ്യുതി ഓഫീസുകളിലെല്ലാം പ്രധാനപ്പെട്ട പദവികൾ പോലും ഒഴിഞ്ഞുകിടക്കുകയാണ്. തിരു-കൊച്ചി മേഖലയിൽ 2002-2003 വരെ എം. ജി. വച്ച വർക്കുകൾപോലും നടത്തിക്കൊണ്ടിരിക്കുമ്പോൾ മലബാർ ജില്ലകളിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ 1995-ൽ മിനിമം ഗ്യാരന്റി വച്ച വർക്കുകൾ പോലും ആരംഭിക്കാൻ സാധിക്കുന്നില്ല. അത് എന്തുകൊണ്ടാണെന്ന് മന്ത്രി പരിശോധിക്കണം. ദയവായി കേരളത്തിലെ എല്ലാ ജില്ലകളിലും ഒരു കട്ട് ഓഫ് ഡേറ്റ് വച്ച് ആ ഡേറ്റിനു മുമ്പുള്ള എം.ജി. വർക്കുകൾ കമ്മീഷൻ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. രണ്ടാമത് ഓൺ ഗോയിംഗ് വർക്കുകൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. പ്രധാന പ്രശ്നം ആവശ്യമായ മെറ്റീരിയൽസ് കിട്ടുന്നില്ല. മൂന്നാമത്തെ കാര്യം വോൾട്ടേജ് ഇംപ്രൂവ്മെന്റ്. അതിനുവേണ്ടി നിരവധി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. ഒന്നും പണി ആരംഭിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി കണ്ണൂർ ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും മറ്റ് എം.ജി. വർക്കുകൾ പൂർത്തിയാക്കാനുമാവശ്യമായ മെറ്റീരിയൽസ് കൊടുക്കാനും അവിടുത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം സമയ ബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കണ്ണൂർ ജില്ലയിൽ കട്ട് ഒഫ് ഡേറ്റ് എന്നു പറയുന്നത് 1996-1997-ലേത് തീർക്കണമെന്നുള്ളതായിരുന്നു. ഇവിടെ മിനിമം ഗ്യാരന്റി വച്ച 22 വർക്കുകളിൽ 13 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 1996 മുതൽ 1997 വരെ മിനിമം ഗ്യാരന്റി വച്ച 22 വർക്കുകളിൽ 17 എണ്ണം മലയോര മേഖലയായ ഇരിട്ടി സബ്ഡിവിഷനിൽ ആയിരുന്നു. ഇരിട്ടിയിൽ 17 എണ്ണത്തിൽ ഒമ്പത് എണ്ണം

LIBRARY ARCHIVES Kerala Legislative Assembly